പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3898 20/07/2015 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം അപേക്ഷകന്റെ താലൂക്കുകളിൽ നിന്നും വിതരണം നടത്താതെ മറ്റു താലൂക്കുകളിൽ കെട്ടിക്കിടക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ധനസഹായം വിതരണം നടത്തേണ്ട താലൂക്കുകൾ മാറിപ്പോകാനിടയായ സാഹചര്യം വിശദീകരിക്കാമോ;<br>(സി) അതതു താലൂക്കുകളിൽ നിന്നും വിതരണം നടത്താതെ മറ്റു താലൂക്കുകളിൽ കിടക്കുന്ന ചികിത്സാ സഹായം അടിയന്തിരമായി അതതു താലൂക്കുകളിൽ കൂടി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>അപേക്ഷകരുടെ മേൽവിലാസത്തിൽ ഒരു സ്ഥലപ്പേര് മറ്റു താലൂക്കുകളിൽ വരുന്നതാണ് ചില അപേക്ഷകൾ താലൂക്ക് മാറിയതിന് കാരണം. അത്തരം അപേക്ഷകർക്കുള്ള ചികിത്സാ ധനസഹായം അതാത് താലൂക്കുകളിൽ കൂടി വിതരണം നടത്തുന്നതാണ്. |
| (ഡി) ഉടുമ്പൻചോല താലൂക്കിൽ നിന്നും വിതരണം നടത്തേണ്ടതും എന്നാൽ വിതരണം നടത്താതെ എത്ര പേരുടെ ധനസഹായമാണ് ജില്ലയിലെ മറ്റു താലൂക്കുകളിൽ കെട്ടിക്കിടക്കുന്നത്; അപേക്ഷകരുടെ പേരു വിവരങ്ങൾ വില്ലേജ് തിരിച്ച് ധനസഹായം ഏതു താലൂക്കിലാണ് എത്തിയിരിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ; | (ഡി) |

| ക്രമ നം | അപേക്ഷകന്റെ വിവരങ്ങൾ | അനുവദിച്ച തുക | തുക അനുവദിച്ച് നൽകിയ താലൂക്ക് |
|---|---|---|---|
| 1. | ലീല കഞ്ഞുമോൻ, വെണ്ണിപ്പറമ്പിൽ, പ്രകാശ് ഗ്രാം. | 10,000 | ഇടുക്കി താലൂക്ക് |
| 2. | അജിത, വടകര, മുല്ലക്കാനം | 10,000 | ഇടുക്കി താലൂക്ക് |
| 3. | വാസുദേവൻ നായർ, ചിറയിൽ, ചോറ്റുപാറ | 5,000 | ഇടുക്കി താലൂക്ക് |

(ഇ) നാളിതുവരെ ഇപ്രകാരം കെട്ടിക്കിടക്കുന്ന ധനസഹായം അടിയന്തിരമായി അപേക്ഷകന്റെ താലൂക്ക് മുഖാന്തിരം വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

(ഇ) താലൂക്ക് മാറിപ്പോയ കേസുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉടൻ ജില്ലാകളക്ടറെ അറിയിക്കുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**